# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാറത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ കെ.ടി.എം.പി-11/940/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറത്തോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-20 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ കെ.ടി.എം.പി-11/940/2021 തീയ്യതി: 13/08/2021

## കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.ബാബുരാജ കെ.ബി , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശിവരാജ് പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിനു സജീവ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ജോണിക്കുട്ടി എബ്രഹാം | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| രേഖ എം. കെ. | സെക്രട്ടറി | 01-04-2020 | 12-06-2020 |
| മണിയപ്പൻ പി. പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-06-2020 | 21-06-2020 |
| ഷിജുകുമാർ സി. | സെക്രട്ടറി | 22-06-2020 | 25-11-2020 |
| പുഷ്കരൻ കെ. ഡി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-11-2020 | 13-12-2020 |
| ഷിജുകുമാർ സി. | സെക്രട്ടറി | 14-12-2020 | 24-02-2021 |
| സിന്ധുമോൾ എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി യമുന ജോസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അഞ്ജു എലിസ് ബെൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ശ്വേത ശിവദാസൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. അരുൺരാജ് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. ബെൻഷാ ബഷീർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീ. മാർട്ടിൻ ജോസഫ് | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീമതി ബിന്ദു. എം. ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ. ബെന്നി തോമസ് | അസിസ്റ്റന്റ് എൻജിനീയർ-എൽ.എസ്.ജി.ഡി. | 01-04-2020 | 24-06-2020 |
| ശ്രീ അരുൺ എം. | അസിസ്റ്റന്റ് എൻജിനീയർ-എൽ.എസ്.ജി.ഡി. | 25-06-2020 | 07-07-2020 |
| ശ്രീ അജീഷ് കെ. ജി. | അസിസ്റ്റന്റ് എൻജിനീയർ-എൽ.എസ്.ജി.ഡി. | 08-07-2020 | 11-10-2020 |
| ബിജി ചാക്കോ | അസിസ്റ്റന്റ് എൻജിനീയർ-എൽ.എസ്.ജി.ഡി. | 12-10-2020 | 31-03-2021 |
| ശ്രീമതി മരിയ ഗൊരോത്തി | ഹെഡ്മിസ്ട്രസ്-ഗവൺമെന്റ് യു. പി. സ്കൂൾ | 01-04-2020 | 31-03-2021 |
| സൂസൻ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| സിന്ധുമോൾ എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| പ്രേമോൾ ദാസ് | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 01-04-2020 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 13-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 12-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Rajesh M (Asst. Audit Officer, On 23-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പു പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 14-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-10 |
| 11 | മാനവൽ/കമ്പ്യൂട്ടർ രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 12-08-2021) | 1-11 |
| 12 | 34 ലക്ഷത്തിലധികം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-12 |
| 13 | തൊഴിൽ നികുതി ഡിമാന്റിൽ അപാകത<br>Written By: Sivaraj P (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-13 |
| 14 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക - അപാകതകൾ നിലനിൽക്കുന്നു<br>Written By: Sivaraj P (Senior Grade Auditor, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-14 |
| 15 | ലൈസൻസ് നടപടികളിൽ അപാകത<br>Written By: Sivaraj P (Senior Grade Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 12-08-2021) | 1-15 |
| 16 | ദിവസവേതന വ്യവസ്ഥയിൽ ഡ്രൈവറുടെ നിയമനം,വാഹനപരിപാലനം എന്നിവയിലെ അപാകതകൾ | 1-16 |

| | | |
|---|---|---|
| | Written By: Prasad P G (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | |
| 17 | മുറിച്ചിട്ട മരം ലേലം ചെയ്തില്ല<br>Written By: Prasad P G (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-17 |
| 18 | പ്രോജക്ടുകളുടെ പൂർത്തീകരണം / തുകയുടെ വിനിയോഗ വിവരങ്ങൾ ഇല്ല<br>Written By: Prasad P G (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-18 |
| 19 | ആസ്തിസംരക്ഷണം ഫലപ്രദമല്ല<br>Written By: Rajesh M (Asst. Audit Officer, On 23-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-19 |
| 20 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ കാര്യക്ഷമത<br>Written By: Prasad P G (Audit Officer, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-20 |
| 21 | ഓണം അഡ്വാൻസ് 3,000/- രൂപ 5 വർഷങ്ങൾക്ക് ശേഷവും ക്രമീകരിച്ചിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-21 |
| 22 | അനുപൂരക പോഷകാഹാരം-ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 12-08-2021) | 1-22 |
| 23 | കണക്ക് സൂക്ഷിപ്പ് സുതാര്യമല്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-23 |
| 24 | റിടെൻഷൻ ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകത<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-24 |
| 25 | വനിതാ തൊഴിൽ പരിശീലന കേന്ദ്രം-പ്രവർത്തനക്ഷമമായില്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-25 |
| 26 | ഇ-ടെണ്ടർ ടെണ്ടർഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-26 |
| 27 | അംഗീകാരം ലഭിക്കാതെ പ്രോജക്ട് നടപ്പാക്കി<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-27 |
| 28 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും -അർഹതാരേഖകൾ ഹാജരാക്കിയില്ല<br>Written By: Rajesh M (Asst. Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-28 |
| 29 | ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം -ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം-അപാകതകൾ<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-29 |
| 30 | പി.എച്ച്.സിയ്ക്ക് ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ- ഫർണിച്ചർ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 1-30 |
| 31 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 1-31 |

| | | |
|---|---|---|
| | Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | |
| 32 | ലൈഫ് ഭവനപദ്ധതി -ഒരവലോകനം<br>Written By: K.B.Baburaj (Auditor, On 01-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 12-08-2021) | 1-32 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 25-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 11-08-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 23-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 12-08-2021) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2020 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 2,408,813/- | 19,348,642/- |
| വരവ് | 251,653,400/- | 112,319,704/- |
| ആകെ | 254,062,213/- | 131,668,346/- |
| ചെലവ് | 251,709,713/- | 113,606,668/- |
| നീക്കിയിരിപ്പ് | 2,352,500/- | 18,061,678/- |

## 1-2 വാർഷിക ധനകാര്യപത്രിക

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി നിയമാനുസൃത സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.
ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 219,714,043/- രൂപയും ചെലവ് 229,219,818/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 9,505,775/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 183,277,353/- രൂപയും ബാധ്യതകളുടെ മൂല്യം 178,578,161,/- രൂപയും ജനറൽ ഫണ്ട് 4,699,192/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.
3. 330500201-Secured Loans-Loan From KURDFC ശീർഷകത്തിലെയും 440500101-Prepaid Programme Expenses ശീർഷകത്തിലെയും 31/03/2020-ലെ നീക്കിയിരിപ്പ് തുകകൾ തമ്മിൽ 7,320,684/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.
4. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല.
5. 31/03/2020-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള വിവിധ റിക്കവറി തുകകളുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കാനുള്ള തുകകളുടെ വിനിമയവും വിശദാംശവും രേഖപ്പെടുത്തി Government & Other Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. 350410301 ലൈസൻസ് ഫീസ് ഇനത്തിൽ മുൻവർഷങ്ങളിൽ മുൻകൂറായി സ്വീകരിച്ച തുക തൻവർഷം വരവായി ക്രമീകരിച്ചിട്ടില്ല(ആകെ 500/- രൂപ മാത്രമാണ് ക്രമീകരിച്ചത്). മുന്നിരിപ്പും 2020-21 വർഷം ലഭിച്ച മുൻകൂറും ഉൾപ്പടെ 31/03/2021-ൽ 2.61 ലക്ഷം രൂപ ബാധ്യതയായി നിലനിൽക്കുന്നു.
7. 350300116-പ്രളയ സെസ്സ് ശീർഷകത്തിൽ നെഗറ്റീവ് നീക്കിയിരിപ്പ് കാണുന്നു.
8. പഞ്ചായത്ത് ആസ്തികളുടെ കണക്ക് തയ്യാറാക്കി ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നതിനാൽ ബി-11 പ്രകാരമുള്ള ആസ്തിമൂല്യത്തിന്റെ വിശദാംശം ലഭ്യമല്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

9. ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്യുന്നതിന്റെ വിശദാംശം ലഭ്യമല്ല. Roads & Bridgesആകെ മൂല്യശോഷണം(Accumulated Depreciation) 31/03/2021-ലെ അവയുടെ ആസ്തിമൂല്യത്തിലും അധികരിച്ചതായി കാണുന്നു.
10. Capital Work In Progress തുകയുടെ കൃത്യത വിശദീകരിച്ചിട്ടില്ല. ഏതെല്ലാം പ്രോജക്ടുകൾ പ്രകാരമുള്ള തുകയാണ് പാർട്ട് ബിൽ നൽകി ആസ്തിയാകാതെ അവശേഷിക്കുന്നത് എന്ന് വ്യക്തമല്ല.
11. 31/03/2021-ൽ വസ്തുനികുതി ശീർഷകങ്ങളിലെ നീക്കിയിരിപ്പിന്റെ 5% ആയി ലൈബ്രറി സെസ്സ് കൺട്രോൾ അക്കൗണ്ട് ക്രമീകരിച്ചിട്ടില്ല.
12. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
13. സ്ഥാപന-ട്രേഡർ തൊഴിൽ നികുതി, ലൈസൻസ് ഡിമാന്റ്-കളക്ഷൻ-ബാലൻസ് പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
14. ജീവനക്കാരുടെ തൊഴിൽ നികുതി വരവ് I-1 പ്രകാരം 3,049,253/- രൂപയും RP-1 പ്രകാരം 3,018,253/- രൂപയുമാണ്. 31,000/- രൂപയുടെ തൊഴിൽ നികുതി വരവ് R & P പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി 10 ന്റെ ഗുണിതമായി മാത്രം ഈടാക്കേണ്ട സാഹചര്യത്തിൽ 3,049,253/- രൂപ ഈടാക്കിയ തുകയായി കാണുന്നത് അക്കൗണ്ടിങ്ങ് അപാകതയാണ്.
15. പഞ്ചായത്തിന്റെ Covid TSB അക്കൗണ്ടിൽ നിന്നും 146,400/- രൂപ സർക്കാർ 31/03/2021 പിൻവലിച്ചത് Redemption തുകയായി ബാലൻസ് ഷീറ്റിൽ നിലനിൽക്കുന്നില്ല. LGTSB, TSB(Joint Venture) എന്നീ അക്കൗണ്ടുകളിൽ നിന്ന് പിൻവലിക്കപ്പെട്ട 3,737,065/- രൂപയാണ് Redemption തുകയായി 31/03/2021-ലെ ബാലൻസ് ഷീറ്റിൽ കാണുന്നത്.
16. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് ധനകാര്യ പത്രിക പ്രകാരമുള്ളത് MGNREGS വിഭാഗം ലഭ്യമാക്കിയ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരം | MNREGA കണക്ക് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 360,948/- | 356308.59 | 4639.41 |
| വരവ് | 48,486,029/- | 40422022.35 | 8064006.65 |
| ആകെ | 48,846,977/- | 40778330.94 | 8068646.06 |
| ചെലവ് | 48,846,337/- | 40777330.35 | 8069006.35 |
| നീക്കിയിരിപ്പ് | 640/- | 1000.59 | -360.59 |

17. പഞ്ചായത്തിന്റെ ക്യാഷ് ബാലൻസിൽ 10,634/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നത് ക്രമീകരിച്ചിട്ടില്ല.
18. കെ.എസ്.ഇ.ബി. യിൽ ഡെപോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകൾ നിക്ഷേപ ശീർഷകത്തിൽ(460500202) അക്കൗണ്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് , നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 19,348,642/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 112,319,704/- |
| ആകെ | 131,668,346/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 113,606,668/- |

| | |
|---|---|
| നീക്കിയിരിപ്പ് | 18,061,678/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,519,613/- |

## 1-4 ഫണ്ട് വിനിയോഗം

പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം എ.സി.ആർ, ഗ്രാന്റ് പത്രിക എന്നിവ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു. പ്രത്യക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഫണ്ട് വിനിയോഗത്തിലും അക്കൗണ്ടിങ്ങിലും വ്യക്തതയില്ലാത്തതും വിശദീകരിക്കപ്പെട്ടിട്ടില്ലാത്തതുമായ ഗ്രാന്റുകളുടെ വിവരം പരാമർശമായി ചേർത്തിരിക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | തൻവർഷ അലോട്ട്മെന്റ് / വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17,47,8666/- | 17,47,8666/- | 17,15,1114/- | 327,552/- |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 3,615,726/- | 3,615,726/- | 3,264,524/- | 351,202/- |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 1,203,412/- | 1,203,412/- | 696,806/- | 506,606/- |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 13,214,869/- | 13,214,869/- | 9,560,193/- | 3,654,676/- |
| CFC- പെർഫോമൻസ് ഗ്രാന്റ് | 0 | 7,680,000/- | 7,680,000/- | 1,605,938/- | 6,074,062/- |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 21,158,000/- | 21,158,000/- | 16,776,619/- | 4,381,381/- |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5,555,237/- | 5,555,237/- | 4,225,599/- | 1,329,638/- |
| ജനറൽ പർപ്പസ് ഫണ്ട് | 0 | 15,091,673/- | 15,091,673/- | 12,611,302/- | 2,480,371 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി (TSC) ഗ്രാന്റ് | 0 | 1,612,520/- | 1,612,520/- | 0 | 1,612,520/- |
| ICDS ഫണ്ട് | 780,095/- | 1,099,137/- | 1,879,232/- | 581,844/- | 1,297,388/- |
| സാക്ഷരത | 29,762/- | 1,190/- | 30,952/- | 0 | 30,952/- |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് | | | | | |
| എസ്.ടി. ഫണ്ട് | 19,014/- | - | 19,014/- | - | 19,014/- |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2,416,030/- | 1,939,138/- | 4,355,168/- | 1,329,105/- | 3,026,063/- |
| ജലനിധി ഗ്രാന്റ് | 1,588,488/- | 5,356,042/- | 6,944,530/- | 5,112,776/- | 1,831,754/- |
| ശബരിമല ഗ്രാന്റ് | 521,380/- | 2,918,653/- | 3,440,033/- | 1,493,653/- | 1,946,380/- |
| മറ്റു ഗ്രാന്റ് | 3,734,950/- | 4,000,000/- | 7,734,950/- | 5,570,000/- | 2,164,950/- |
| നിർമ്മൽ പുരസ്കാരം | 500,000/- | - | 500,000/- | - | 500,000/- |

വികസന ഫണ്ട്-ജനറൽ, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, ജില്ല-ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള സംയുക്ത പ്രോജക്ട് ഫണ്ടുകൾ എന്നിവയുടെ അക്കൗണ്ടിങ്ങ് സംബന്ധിച്ചും വിനിയോഗത്തിലും താഴെ പറയുന്ന പ്രധാനപ്പെട്ട അപാകതകൾ നിലനിൽക്കുന്നു.

1. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ.ഉണ്ടെങ്കിലും തുക ലഭ്യമാകുന്നതും ചെലവഴിക്കുന്നതും കൃത്യമായി രേഖപ്പെടുത്തി കണക്ക് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ വിവിധ ഗ്രാന്റ് ശീർഷകങ്ങളിലെ വരവ്-ചെലവുകളാണ് മേൽപട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നത്. എ.സി.ആർ. കൃത്യമായി തയ്യാറാക്കിയിട്ടില്ല എന്നതിനാൽ തുകകളുടെ അക്കൗണ്ടിങ്ങ് കൃത്യത വ്യക്തമല്ല.

2.വികസന ഫണ്ട്-ജനറൽ ശീർഷകത്തിൽ നിന്നും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി മാറ്റിയ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. മറ്റ് വികസന ഫണ്ട് ചെലവഴിച്ച് സുസ്ഥിര ആസ്തിയായി മാറിയ തുകയുടെ മൂല്യം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

3.വികസനഫണ്ട്-ജനറൽ ഗ്രാന്റിന്റെ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് വാർഷിക ധനകാര്യ പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(MNREGA) ഫണ്ടിന്റെ മുന്നിരിപ്പ്, വരവ്-ചെലവ്, നീക്കിയിരിപ്പ് എന്നിവ പഞ്ചായത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ MGNREGA വിഭാഗം സമർപ്പിച്ച കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കണക്കുകളുടെ വിശദാംശം ഖണ്ഡിക 1-6 ൽ നൽകിയിട്ടുണ്ട്.

5. 320200214-ശീർഷകത്തിൽ അവശേഷിക്കുന്ന 19,014/- രൂപയുടെ എസ്.റ്റി. ഫണ്ട് ഗ്രാന്റ് തുക ഏത് പ്രോജക്ടിന് ലഭ്യമായതാണെന്ന് വ്യക്തമല്ല.

6. Covid First Line Treatment Centre(CFLTC) ചെലവുകൾ ക്രമീകരിച്ച് ലഭിച്ച തുക 499,672/- രൂപ 320200324 ശീർഷകത്തിൽ പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.

7. 2020-21 വർഷം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 3,505,000/- രൂപ റവന്യൂ വരവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്(ശീർഷകം-160300101). ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാന്റ് ബാധ്യത ശീർഷകത്തൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. തുക 82/21, 228/21, 198/21 നം. പ്രോജക്ടുകൾ മുഖേന ചെലവഴിച്ചു.

8. 2020-21 വർഷം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 2,014,350/- രൂപ റവന്യൂ വരവായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്(ശീർഷകം-160300102). ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഗ്രാന്റ് ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. തുക 82/21, 86/21, 228/21, 106/21,198/21 നം. പ്രോജക്ടുകൾ മുഖേന ചെലവഴിച്ചു. അസിസ്റ്റന്റ് എഞ്ചിനീയറുടെ 286/21, 309/21 നം. പ്രോജക്ടുകളിലൂടെ ചെലവഴിച്ച 386,119/- രൂപ ഉൾപ്പടെ 2,400,469/- രൂപയുടെ ചെലവ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ൽ പ്രതിഫലിക്കുന്നത്.

9. ജലനിധി പ്രോജക്ട് ചെലവ് 51.12 ലക്ഷം രൂപ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ചെലവ് തുക ആസ്തി സൃഷ്ടിക്കപ്പെടുന്നതാണോയെന്ന് നിശ്ചയിച്ച് കണക്ക് തയ്യാറാക്കാതെ തന്നെ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റി.

10. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള മുന്നിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. തൻവർഷ വരവ്-ചെലവിന്റെ വിശദാംശവും സൂക്ഷിച്ചിട്ടില്ല. 31/03/2021 ലെ നീക്കിയിരിപ്പ് 168,271/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്ന വിശദാംശം സൂക്ഷിച്ചിട്ടില്ല.

11. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പാറത്തോട് ഗ്രാമപഞ്ചായത്തുമായി ചേർന്നുള്ള സംയുക്ത പ്രോജക്ടുകൾക്കായി മുൻവർഷങ്ങളിൽ ലഭ്യമായതിൽ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്ന ഗ്രാന്റുകളുടെ വിശദാംശം കൃത്യമായ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിശദീകരിക്കപ്പെട്ടിട്ടില്ല.

12. മറ്റ് ഗ്രാന്റിനത്തിലുള്ള 55.7 ലക്ഷം രൂപയുടെ ചെലവിൽ 54.7 ലക്ഷം രൂപയുടെ ചെലവാണ് ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ൽ പ്രതിഫലിക്കുന്നത്. ഒരു ലക്ഷം രൂപയുടെ ചെലവ് I-6 ൽ പ്രതിഫലിക്കുന്നില്ല.

13. കോവിഡ്-19 റിക്കവറിയായി അവശേഷിക്കുന്ന 620,427/- രൂപയുടെ കൃത്യത വിശദരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാൻ സാധിച്ചിട്ടില്ല.

വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി., ടി.എസ്.പി. എന്നിവയിലെ ചെലവിൽ ധനകാര്യപത്രികയിലെ I&E, R&P എന്നിവയിൽ യഥാക്രമം 17.6 ലക്ഷം, 190,666/-, 44,000/- രൂപയുടെ വ്യത്യാസം കാണുന്നത് KURDFC വായ്പ തിരിച്ചടവ് തുകകൾ കുറവ് ചെയ്ത ശേഷമാണ് പഞ്ചായത്തിന് പ്രസ്തുത ഗ്രാന്റുകൾ ലഭിച്ചത് എന്നതുകൊണ്ടാണ്(തുകകൾ യഥാക്രമം 471/21, 472/20, 473/21 നം. പ്രോജക്ടുകൾ പ്രകാരം ചെലവായി ബുക്ക് ചെയ്തു). പഞ്ചായത്തിന്റെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്/കോൺട്രിബ്യൂഷൻ വിനിമയത്തില് മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ഗ്രാന്റ് വിനിമയത്തിലെയും അക്കൗണ്ടിങ്ങിലെയും അപാകതകൾ പരിഹരിച്ച് ഓരോ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തിയ ACR തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

### പദ്ധതി ആസൂത്രണം


പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 06-01-2020 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 30-01-2019 മുതൽ 04-02-2019 വരെ തീയതിയിലും വികസനസെമിനാർ 27-02-2020 തീയതിയിലും യോഗം ചേർന്നിട്ടുണ്ട്. 2020-21 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 80898/2020/DPC/DPO/KTM /23.02.2021 പ്രകാരം അംഗീകാരവും ലഭിച്ചു. 18.38 കോടി രൂപ അടങ്കലുള്ള വാർഷിക പദ്ധതിയാണ് തയ്യാറാക്കിയിരുന്നത്,എന്നാൽ 8.68 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിച്ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കൃഷിഓഫീസർ | 14 | 13 | 3227800 | 1505777 |
| വെറ്ററിനറിസർജൻ | 11 | 8 | 7234500 | 1915500 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 9 | 7 | 4157324 | 1987582 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 300000 | 300000 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 1200000 | 1200000 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1 | 2991000 | 71442 |
| വി.ഇ.ഒ 1 | 21 | 20 | 76411954 | 27881460 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 7 | 8144312 | 5366859 |
| സെക്രട്ടറി | 50 | 28 | 18069044 | 8803451 |
| ഹെഡ് മാസ്റ്റർ | 3 | 0 | 595160 | 00 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 204 | 146 | 58287500 | 34849086 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 190000 | 190000 |
| അസിസ്റ്റന്റ് സെക്രട്ടറി | 22 | 16 | 5502360 | 2758706 |
| ആകെ | 348 | 249 | 186310954 | 86829863 |


ആകെ 348 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 249എണ്ണം തൻവർഷം നടപ്പാക്കി. 146 എണ്ണം നിർവ്വഹണം നടത്തിയത് അസ്സിസ്റ്റന്റ് എഞ്ചിനീയറാണ്. അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത 204 പ്രോജക്ടുകളിൽ 146 എണ്ണം മാത്രമാണ് നിർവ്വഹണം നടത്താൻ കഴിഞ്ഞത്. തൻവർഷം നിർവ്വഹണത്തിന് കോവിഡ് സാഹചര്യം


തടസ്സമായെങ്കിലും പ്രോജക്ടുകളുടെ ബാഹുല്യം എല്ലാ വർഷങ്ങളിലും നിർവ്വഹണത്തിന് തടസ്സമാകുന്നുണ്ട്. മരാമത്തു പ്രവൃത്തികളിൽ ഏറിയ പങ്കും 100 മീറ്ററിൽ താഴെയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. ആകെ അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ പകുതിയിലധികം നിർവ്വഹണം നടത്തുന്നത് അസിസ്റ്റന്റ് എഞ്ചിനീയറാണ്.

വിവിധ സ്രോതസ്സ് തിരിച്ച് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾച്ചുവടെചേർക്കുന്നു. ആകെ പദ്ധതി അടങ്കലിന്റെ 46.6 % മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.




| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 2306808 | 17151114 |
| വികസനഫണ്ട്(എസ്.സി.പി) | 4646175 | 3264524 |
| വികസനഫണ്ട്(റ്റി.എസ്.പി) | 1237000 | 696806 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 15515605 | 11166131 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4248447 | 1720949 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 20708800 | 5470000 |
| തനത് ഫണ്ട് | 27948143 | 12611302 |
| ബ്ളോക്ക് വിഹിതം | 8186481 | 2400469 |
| ജില്ലാപഞ്ചായത്ത് വിഹിതം | 12623474 | 3505000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 26756434 | 16776619 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 5273899 | 4225599 |
| മറ്റുള്ളവ | 33622464 | 7841350 |
| ആകെ | 183835003 | 86829863 |




വർക്കിംഗ്

ഗ്രൂപ്പുകളുടെ പ്രവർത്തനം

പദ്ധതി ആസൂത്രണത്തിനായി 12 വിഷയമേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വാർഷികപദ്ധതിരൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടുണ്ട്.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ

നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21വർഷം സാങ്കേതിക അനുമതി ലഭിച്ച 218 പ്രോജക്ടുകളിൽ 187 എണ്ണവും തൻവർഷം നടപ്പിലാക്കി. 92952 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1472കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോട് ആഴം കൂട്ടൽ,ഇടക്കയ്യാല നിർമ്മാണം തടയണകളുടെ നിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 356308.59 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 40069691.35 | 40422022.35 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 352331 | |
| ആകെ വരവ് | | | 40778330.94 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 26846328 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം,സാധന വില | 12327806.35 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക മിഷൻ തിരിച്ചടവ് | 1603196 | |
| ആകെ ചെലവ് | | | 40777330.35 |
| നീക്കിയിരിപ്പ് | | | 1000.59 |

പഞ്ചായത്ത് വാർഷികകണക്കുമായി വരവുചെലവുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ വാർഷികകണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

തൻവർഷം പാറത്തോട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 50,509,000/- | 2352 |
| കർഷകതൊഴിലാളി പെൻഷൻ | 5,609,800/- | 2594 |
| വിധവാപെൻഷൻ | 15,096,100/- | 673 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 783,000/- | 356 |
| വികലാംഗപെൻഷൻ | 6,971,900/- | 393 |
| തൊഴിൽരഹിത വേതനം | ഇല്ല | - |
| വിവാഹ ധനസഹായം | 120,000/- | 4 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4766/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.എന്നാൽ കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 2016-17 വർഷം പഞ്ചായത്തിൽ നിന്നും മോഷണം പോയ 10634/- രൂപ (2016-17 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം ഉണ്ട്) ഉൾപ്പെടെയുള്ള 15400/- രൂപയാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം ഇനിയും മെച്ചപ്പെടാനുണ്ടെന്നാണ് ഓഡിറ്റ് പരിശോധനകളിൽ വ്യക്തമായത്. ഓരോജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുകയും,ഉത്തരവുകളായി എഴുതി ആധികാരികമാക്കി,ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തി കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.പണ, ബാങ്ക് ഇടപാടുകൾ സംബന്ധിച്ച് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്.ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.ശമ്പളത്തിൽ നിന്നുള്ള റിക്കവറി തുകകൾ യഥാസമയം ഒടുക്ക് വരുത്തിയിട്ടുണ്ട്.നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും കാര്യക്ഷമത പുലർത്തുന്നുണ്ട്.എന്നാൽ കൃത്യമായ ഡി.സി.ബി തയാറാക്കി കുടിശിക ഉൾപ്പെടെ ഈടാക്കുന്നതിൽ പുരോഗതി കൈവരിക്കേണ്ടതുണ്ട്.സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും ,സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്.ഭൂമി ഉൾപ്പെടെ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിലും അക്കൗണ്ട് ചെയ്യുന്നതിലും വീഴ്ചകളുണ്ടായി.ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ,സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു .അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്.വാർഷികപദ്ധതിക്കായുള്ള തനതുഫണ്ട് ചെലവുകൾ സുലേഖ കണക്കുകളിൽ കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കുന്നില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയാണ്.തനത് ഫണ്ട് ചെലവഴിക്കുന്നതിൽ മിതത്വം പാലിക്കുന്നില്ലയെന്ന് ചെലവുകളുടെ ആധിക്യം വ്യക്തമാക്കുന്നു.വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ മെച്ചപ്പെടുത്തി പ്രാദേശിക ഗവർമെന്റിന്റെ പ്രവർത്തനം ശക്തമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07/01/2021 | 12/2019 മുതൽ 03/2020 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31/10/2017 മുതൽ 08/11/2017 വരെ | 2012-13 മുതൽ 2016-17 വരെ | 14/10/2019 |

## 1-11 മാന്വൽ/കമ്പ്യൂട്ടർ രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

2019-20, 2020-21 ലെ കമ്പ്യൂട്ടർ-മാന്വൽ രസീതുകളുടെ പരിശോധനയും സ്റ്റോക്ക് പരിശോധനയും നടത്തിയതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. സാമ്പത്തിക വർഷം അവസാനിച്ച ശേഷവും ഉപയോഗിക്കാത്ത മാന്വൽ രസീതുകൾ സ്റ്റോക്കിൽ തിരിച്ചെടുക്കുന്നില്ല. മാന്വൽ രസീത് ബുക്ക് നം.13790 ഉപയോഗിക്കാതെ 2020-21 വർഷം പഞ്ചായത്ത് ക്ലാർക്ക് സൂക്ഷിച്ചിരുന്നത് ഓഡിറ്റ് നിർദ്ദേശ പ്രകാരം സ്റ്റോക്കിൽ ചേർത്തു.

2. അസിസ്റ്റന്റ് എഞ്ചിനീയർ 2019-20 വർഷത്തെ രസീത് ബുക്ക് നം.47025(1-100), 47029(1-14) രസീതുകൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കാതെയാണ് എഴുതിയിരിക്കുന്നത്. പഞ്ചായത്ത് രസീതുകൾ എഴുതുമ്പോൾ ഡബിൾ സൈഡ് കാർബൺ ഉപയോഗിക്കേണ്ടതാണ്.

3. മാന്വൽ രസീത് ബുക്കുകൾ സാമ്പത്തിക വർഷശേഷം മിച്ചമുള്ള രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നതായി കാണുന്നു. ഓഡിറ്റ് നിർദ്ദേശ പ്രകാരമാണ് ക്യാൻസൽ ചെയ്ത് ഹാജരാക്കിയത്.

4. കമ്പ്യൂട്ടർ രസീതുകൾ ക്യാൻസൽ ചെയ്യുന്നത് കൃത്യമായ കാരണം സാംഖ്യയിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. കൃത്യമായ കാരണം രേഖപ്പെടുത്തി കമ്പ്യൂട്ടർ രസീതുകളുടെ റദ്ദാക്കൽ ആധികാരികമാക്കേണ്ടതാണ്.

5. വസ്തുനികുതി ക്യാംപ് കളക്ഷനിലൂടെ മാന്വൽ രസീത് മുഖേന പിരിക്കുന്ന എല്ലാ നികുതിയും Residential ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യുന്നത്. വസ്തുനികുതി സാംഖ്യയിൽ Residential, Non-Residential പ്രത്യേകം ശീർഷകങ്ങൾ ഉള്ളത് Residential ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നത് സാംഖ്യ അക്കൗണ്ടിങ്ങ് അപാകതയാണ്.

രസീതുകൾ കൈകാര്യം ചെയ്യുന്നതിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ 30/07/2020-ലെ എക്സിറ്റ്മീറ്റിംഗിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 34 ലക്ഷത്തിലധികം രൂപ വസ്തുനികുതി കുടിശിക നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും പ്രധാന തനത് നികുതി വരുമാനമായ വസ്തുനികുതിയിനത്തിലുള്ള കുടിശിക 34.35 രൂപ 31/03/2021 ബാലൻസ് ഷീറ്റ് പ്രകാരം നിലനിൽക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വസ്തുനികുതി ശീർഷകം | കുടിശിക |
|---|---|---|
| 1. | 431100101 | 550,996/- |
| 2. | 431100102 | 1,289,747/- |
| 3. | 431100103 | 620,630/- |
| 4. | 431100104 | 973,750/- |
| ആകെ | | 3,435,123/- |

വസ്തുനികുതി കുടിശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശിക അടവാക്കൽ നടപടികളും വിശദാംശവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഡിമാന്റിൽ അപാകത

സ്ഥാപനങ്ങൾ, ട്രേഡർ തൊഴിൽ നികുതി ചുമത്തുന്നതിലും കണക്കുകൾ സൂക്ഷിക്കുന്നതിലും ധാരാളം അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. 2019-20, 2020-21 വർഷത്തെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടവാക്കുന്നത് സംബന്ധിച്ച ലിസ്റ്റും ഡി.സി.ബി. യും തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിൽ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയ രസീത് പോസ്റ്റ് ചെയ്യുക മാത്രമാണ് ചെയ്യുന്നത്. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയ/ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശം ഉൾപ്പെടുത്തി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

2. ലൈസൻസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിശദാംശം രേഖപ്പെടുത്തുന്നത്. ട്രേഡർ തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കുകയോ കണക്കുകൾ ക്രോഡീകരിക്കുകയോ ചെയ്തിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

3. 2019-20 വർഷം സ്ഥാപന ട്രേഡർ തൊഴിൽ നികുതി ഡിമാന്റ് 4.5 ലക്ഷം രൂപയായിരുന്നു. എന്നാൽ 2020-21 വർഷത്തെ ഡിമാന്റ് 317,740/- രൂപയാണ്. തൊഴിൽ നികുതി ഡിമാന്റിലുള്ള കുറവ് കൃത്യമായ കണക്കുകളുടെയും ഡി.സി.ബി. യുടെയും അഭാവത്തിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. സ്ഥാപന/ട്രേഡർ തൊഴിൽ നികുതി ഡിമാന്റ് കുറവായി നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

4. ധനകാര്യ പത്രിക പ്രകാരം 31/03/2021 ലെ തൊഴിൽ നികുതി കുടിശിക 105,840/- രൂപയാണ്. ഏതെല്ലാം സ്ഥാപനങ്ങളാണ് നികുതി കുടിശിക വരുത്തിയത് എന്നത് കുടിശിക ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വ്യക്തമല്ല.

സ്ഥാപന/ട്രേഡർ തൊഴിൽ നികുതി ഡിമാന്റിലെ അപാകതകൾക്കും രജിസ്റ്റർ/കണക്കുകൾ സൂക്ഷിപ്പിലെ അപാകതയ്ക്കും വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.16/2020-2/29.07.2021) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. ട്രേഡർ തൊഴിൽ നികുതി ഡിമാന്റ് വാർഡ് അടിസ്ഥാനത്തിൽ കൃത്യമായി നിശ്ചയിക്കേണ്ടതാണ്. കുടിശിക വരുത്തിയ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിശദാംശം കണ്ടെത്തി കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി തൊഴിൽ നികുതി കുടിശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ച അപാകതകളെല്ലാം പരിഹരിച്ച് വിശദാംശങ്ങൾ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-14 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക - അപാകതകൾ നിലനിൽക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലെക്സ് മുറികൾ വാടകയ്ക്ക് നൽകുന്നതിലും വാടക ഈടാക്കുന്നതിലും അതുമായി ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കുന്നതിലും ധാരാളം അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. അപാകതകൾ വിഷയം തിരിച്ച് ചുവടെ ചേർക്കുന്നു.

1. ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ തയ്യാറാക്കി നടപടിക്രമങ്ങൾ നിർവചിച്ചിട്ടില്ല. ബൈലോ നിലവിലില്ലാത്ത സാഹചര്യത്തിൽ വാടക നടപടിക്രമങ്ങൾ പൂർണ്ണമായും നിയമവിധേയമാക്കുന്നതിന് സാധിച്ചിട്ടില്ല.
2. 2019-20, 2020-21 വർഷങ്ങളിൽ ആകെ 4 മുറികളാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്(ഡിമാന്റ് രജിസ്റ്റർ പ്രകാരം). പാറത്തോട് ഷോപ്പിങ്ങ് കോംപ്ലെക്സിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസ്, മാവേലി സ്റ്റോർ എന്നിവ വാടക രഹിതമായി പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കാനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.
3. ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20, 2020-21 വർഷങ്ങളിൽ വാടക ഡിമാന്റ് 28,428/- രൂപ വീതമാണ്. കോവിഡ്-19 വ്യാപന കാലഘട്ടമായതിനാൽ വാടക നിരക്ക് വർദ്ധനവ് പഞ്ചായത്ത് ഭരണസമിതി ഇളവുചെയ്തിട്ടുണ്ട്. 2019-20 വർഷം അക്കൗണ്ടിങ്ങ് അപാകത മൂലം ഡിമാന്റ് 17,689/- രൂപയായാണ് ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നത്.
4. വാടക കുത്തകക്കാരിൽ നിന്നും വാടക നിക്ഷേപം(Rent Deposit) ഈടാക്കിയതായി കാണുന്നില്ല. 31/03/2021-ലെ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം വാടക നിക്ഷേപമിനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപം ഇല്ല. വാടക നിക്ഷേപം ഒടുക്കാതെ കുത്തകക്കാർ തുടരുന്നത് കുത്തകക്കാർ ഒഴിയുമ്പോഴോ വാടക ഒടുക്കാത്ത സാഹചര്യത്തിലോ അവരുടെ ബാധ്യതകൾ മുതൽക്കൂട്ടുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്ന സാഹചര്യമുണ്ടാകും.
5. 2019-20 വർഷം വെറ്റിനറി സബ് സെന്ററിന്റെ കെട്ടിട വാടകയായി വാടക, GST, Flood Cess ഉൾപ്പടെയുള്ള തുക 14,074/- രൂപ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മുറികളുടെ വാടക ഡിമാന്റ് തുകയ്ക്ക് ആനുപാതികമായി 18% GST, 1% Flood Cess എന്നിവ 2019-20, 2020-21 വർഷങ്ങളിൽ ചുമത്തിയിട്ടില്ല. 2019-20, 2020-21 വർഷങ്ങളിൽ ആകെ വാടക തുക 56,856/- രൂപയ്ക്ക് 10,234/- രൂപ GST യും 569/- രൂപ Flood Cess ആയും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു.
6. ആകെ 4 മുറികൾ മാത്രമേ വാടകയ്ക്ക് നൽകിയിട്ടുള്ളൂ എങ്കിലും രജിസ്റ്റർ കൃത്യമായി തയ്യാറാക്കുകയോ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് വാടകയ്ക്ക് നൽകുന്നതിനുള്ള ആകെ കെട്ടിട മുറികളുടെ എണ്ണം, വിശദാംശം എന്നിവയൊന്നും രജിസ്റ്ററിൽ വ്യക്തമല്ല.
7. കുത്തകക്കാരുമായി കൃത്യമായ വ്യവസ്ഥകളുള്ള കരാർ ചമയ്ക്കുന്നതായി കാണുന്നില്ല. കരാറുകൾ തയ്യാറാക്കുന്നതിനുള്ള മുദ്രപത്രങ്ങൾ അപൂർണ്ണമായും എഴുതാതെയും സാക്ഷ്യപ്പെടുത്താതെയും ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. കൃത്യമായ കരാറിന്റെ അഭാവത്തിൽ പഞ്ചായത്ത് വക മുറികൾ വാടകയ്ക്ക് നൽകുന്നത് നിയമപ്രശ്നങ്ങൾക്ക് ഇടയാക്കും.

വാടക നടപടിക്രമങ്ങളിലെ മേൽവിവരിച്ച അപാകതകൾക്കും വാടക അക്കൗണ്ടിങ്ങ്, രജിസ്റ്റർ സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച പോരായ്മകൾക്കും, കരാർ നടപടികളിലെ അപാകതകൾക്കും കൃത്യമായ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.4/2020-21 തീയതി 26/07/2021) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ എല്ലാ അപാകതകളും പരിഹരിച്ച് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യുമെന്ന് അറിയിച്ചു. വാടക നിക്ഷേപം, GST, Flood Cess എന്നിവ ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്. വാടക ബൈലോ തയ്യാറാക്കി കരാർ നടപടികൾ കൃത്യമാക്കേണ്ടതും കരാർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. രജിസ്റ്ററുകൾ കൃത്യമാക്കി ഡിസി.ബി. തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കെ.എസ്.ഇ.ബി. ഓഫീസ്, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കേണ്ടതാണ്. മേൽപറഞ്ഞ എല്ലാ നടപടികളും പൂർത്തിയാക്കി വിശദാംശങ്ങൾ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-15 ലൈസൻസ് നടപടികളിൽ അപാകത

1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെയും വ്യവസായങ്ങളുടെയും ട്രേഡുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസിന്റെ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കുന്ന സ്ഥാപനങ്ങളെയാണ് ലിസ്റ്റ് ചെയ്ത് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

2. ലൈസൻസ് എടുക്കുന്ന സ്ഥാപനത്തിന്റെ പേര്, നടത്തുന്ന വ്യവസായം/വാണിജ്യം, ലൈസൻസ് ഫീസ് നിർണ്ണയിച്ചതിന്റെ മാനദണ്ഡം, കെട്ടിട നം. തുടങ്ങിയ വിവരങ്ങളെല്ലാം ചേർത്ത് ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചതായി കാണുന്നില്ല.

3. 2020-21 വർഷം ഏതാനും ട്രേഡർമാരുടെ പേരുമാത്രം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവർ ലൈസൻസ് എടുത്തതായി രജിസ്റ്ററിൽ കാണുന്നില്ല. എന്നാൽ ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീസ് പൂർണ്ണമായും പിരിച്ചെടുത്തതായാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ലൈസൻസ് ഫീസ് ഡിമാന്റ് കൃത്യമായി നിർണ്ണയിക്കാതെയാണ് പഞ്ചായത്തിലെ ലൈസൻസ് നടപടികളെന്ന് വ്യക്തമാണ്.

4. 2019-20, 2020-21 വർഷങ്ങളിൽ മുൻവർഷങ്ങളിൽ അടവാക്കിയ മുൻകൂർ ലൈസൻസ് തുക തൻവർഷങ്ങളിലേക്ക് ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. ലൈസൻസ് ഡിമാന്റ് നിർണ്ണയിക്കാതിരുന്നതിനാലാണ് അപ്രകാരം കളക്ഷൻ ക്രമീകരിക്കാൻ സാധിക്കാത്തത്.

5. ലൈസൻസ് നൽകുന്ന സ്ഥാപനത്തിന്റെ ഫയലിൽ നൽകിയ ലൈസൻസിന്റെ കോപ്പി സൂക്ഷിക്കുന്നതായി കാണുന്നില്ല.

മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ ലൈസൻസ് നടപടികളിൽ അവ്യക്തതയും വരുമാനത്തിൽ കുറവ് സംഭവിക്കുന്നതായും കാണുന്നു. തനതു വരുമാന ഡിമാന്റിലുണ്ടായ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2020-21/29.07.2021) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽ അപാകതകൾ പരിഹരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ദിവസവേതന വ്യവസ്ഥയിൽ ഡ്രൈവറുടെ നിയമനം,വാഹനപരിപാലനം എന്നിവയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഡ്രൈവറുടെ തസ്തികയിൽ സ്ഥിരനിയമനത്തിൽ ജീവനക്കാരനുണ്ടായിരിക്കേ 2019-20,20-21 സാമ്പത്തിക വർഷങ്ങളിൽ മിക്കവാറും എല്ലാമാസവും ദിവസവേതനത്തിൽ ഡ്രൈവറെ വച്ച് വാഹനമോടിച്ച് വേതനം നല്കി വരുന്നു.മാസത്തിൽ 18 ദിവസത്തോളം ദിവസവേതനത്തിൽ ഡ്രൈവറെ വച്ച് കൂലി കൊടുക്കുന്നത് ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിലെ ഔദ്യോഗിക യാത്രകൾക്കായാണെന്ന് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിന്ന് ഉറപ്പാക്കാനാവുന്നില്ല.

കൂടാതെ വാഹനത്തിന് ഇന്ധനം നിറയ്ക്കുന്ന ജാക്&കമ്പനി യിൽ നിന്ന് ഇന്ധനവില ആവശ്യപ്പെട്ട് ലഭ്യമായ ചില ബില്ലുകൾ പഞ്ചായത്തിൽ നിന്നുള്ള ഇന്റന്റ് ഇല്ലാതെ വാങ്ങിയതായാണ് കാണുന്നത്.ചില ഇന്റന്റുകളുടെ പകർപ്പിൽ ചേർത്തിട്ടുള്ളത് ഡീസലിന്റെ അളവിന് പകരം ഫുൾടാങ്ക് എന്നാണ്. പല ബില്ലുകൾ/ഇന്റന്റുകൾ പ്രകാരം വാങ്ങിയ ഡീസൽ അതേ ദിവസം തന്നെ ലോഗ് ബുക്കിൽ ചേർത്ത് വാഹനത്തിന്റെ നിയന്ത്രണാധികാരിയായ സെക്രട്ടറി ഒപ്പ് വയ്ക്കുന്നില്ല. ലോഗ് ബുക്കിലെ കിലോമീറ്റർരേഖപ്പെടുത്തലുകളിൽ വ്യാപകമായ തിരുത്തലുകളും വരുത്തിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് മൂലമുണ്ടായ അടിയന്തിരസാഹചര്യങ്ങളാണ് ഇപ്രകാരം ദിവസവേതനത്തിൽ ഡ്രൈവറെ വയ്ക്കുന്നതിനും, ഇന്റന്റ് നല്കാതെ ഇന്ധനം അടിക്കാനും, ലോഗ് ബുക്കിൽ അപാകതയുണ്ടായതിനും കാരണമെന്ന് മറുപടി നല്കി.

ദിവസവേതനത്തിലെ നിയമനം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഉത്തരവ് നം 81/ 2019 തീയതി 09/07/2019-ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.വാഹനപരിപാലനത്തിൽ ഇതുസംബന്ധിച്ച സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുവെന്ന് വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 മുറിച്ചിട്ട മരം ലേലം ചെയ്തില്ല

തനതുഫണ്ടിൽ നിന്നുള്ള ചുവടെ ചേർക്കുന്ന ചെലവുകൾ അപകടാവസ്ഥയിൽ നിന്ന മരം മുറിച്ചതുമായി ബന്ധപ്പെട്ടാണ്.

1- വൗച്ചർനം.22000148/29-05-20 തുക-6000/ ചെക്ക് നം. 23218/29-05-20

2- വൗച്ചർനം.22000314/29-07-20 തുക-13000/ ചെക്ക് നം. 23507/29-07-20

1 ാം നം.വൗച്ചർ പ്രകാരം 4 ാം വാർഡിൽ ത്രിവേണി പാലത്തിനോട് ചേർന്ന് ഉണങ്ങിയ ആഞ്ഞിലിമരം വെട്ടുന്നതിന് 6000/രൂപയും, 2 ാം വൗച്ചർ പ്രകാരം പഞ്ചായത്ത് തോട്ടിലൂടെ ഒഴുകിവന്ന ആഞ്ഞിലിമരം പിടിച്ചെടുക്കുന്നതിന് JCB, ക്രെയിൻ തുടങ്ങിയവ ഉപയോഗിച്ചതിന് 13000/ രൂപയും ചെലവഴിച്ചതിന്റേതാണ്. പ്രസ്തുതമരങ്ങളുടെ നിലവിലെ അവസ്ഥാവിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് 9ാം നമ്പരായി ഓഡിറ്റ് എൻക്വയറി നല്കി.ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 4ാം വാർഡിൽ ത്രിവേണിഭാഗത്ത് തോട്ട് പുറമ്പോക്കിൽ ഉണങ്ങി അപകടാവസ്ഥയിൽ നിന്നിരുന്ന ആഞ്ഞിലിമരം തോടിന്റെ തീരത്ത് വെട്ടിയിടുന്നതിനും വെള്ളപ്പൊക്കത്തിലൂടെ ഒഴുകിനീങ്ങിയ പ്രസ്തുതമരം പിടിച്ചെടുക്കുന്നതിനുമായി തുകകൾ ചെലവഴിച്ചതാണ് മേൽ പറഞ്ഞ വൗച്ചറുകളിലെ

തുകകളെന്ന് അറിയിച്ചു. കൂടാതെ മരം ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മൂല്യനിർണ്ണയം നടത്തുന്നതിന് വനം വകുപ്പിനെ അറിയിക്കുകയും പരിശോധന നടത്തുകയും ചെയ്തതായും മൂല്യനിർണയ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ലേലനടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു.
നടപടികൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-18 പ്രോജക്ടുകളുടെ പൂർത്തീകരണം / തുകയുടെ വിനിയോഗ വിവരങ്ങൾ ഇല്ല

ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ടുകൾ പ്രകാരം തുക കൈമാറിയെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| പ്രോജക്ട് | ചെലവ് | തുകലഭിച്ച സ്ഥാപനം | റിമാർക് |
|---|---|---|---|
| 234/21,എ ബി സി പ്രോഗ്രാമിനായി തുക നല്കൽ. | 210000/ വികസനഫണ്ട് | ജില്ലാ പഞ്ചായത്ത്. | തുകയുടെ വിനിയോഗ വിവരം ഇല്ല. |
| 470/21,ജലജീവൻമിഷന് വിഹിതം നല്കൽ. | 8,57,476/ ധനകാര്യകമ്മീഷൻ ഗ്രാന്റ്. | പ്രസിഡന്റിന്റെയും ,സെക്രട്ടറിയുടെയും പേരിൽ രൂപീകരിച്ച പ്രത്യേക അക്കൗണ്ടിലേക്ക് മാറ്റി. | കാത്തലിക് സിറിയൻ ബാങ്ക് 00760425774719000‌1. നിലവിലുള്ള ജലനിധി പദ്ധതികളിൽ നിന്ന് അധിക കണക്ഷൻ അനുവദിക്കുന്നതിന് . |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണവിവരങ്ങളുടെ അഭാവത്തിൽ പ്രോജക്ടുകൾക്കായുള്ള 10,67,476/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 ആസ്തിസംരക്ഷണം ഫലപ്രദമല്ല

പഞ്ചായത്ത് ആസ്തികളുടെ സംരക്ഷണത്തിൽ കാര്യമായ ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല. ആസ്തികൾ നേരിട്ട് പരിശോധിച്ചതിൽ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

പൊതുശ്മശാനം

പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള പൊതു ശ്മശാനം (സെല്ലാർ ടൈപ്പ്) ഉപയോഗയോഗ്യമല്ലാത്ത വിധം കാടുകയറിയനിലയിലാണ്. സംരക്ഷണത്തിന് സമീപവാസിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി ജീവനക്കാർ അറിയിച്ചെങ്കിലും ഇതു സംബന്ധമായ രേഖകൾ ലഭ്യമല്ല.ശ്മശാനത്തിൽ നടക്കുന്ന സംസ്കാരം സംബന്ധിച്ച് പഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുകയോ, ജീവനക്കാർക്ക് ചുമതല നല്കുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല.പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ശ്മശാനത്തിൽ നടക്കുന്ന സംസ്കാരം സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. പൊതുശ്മശാനം ഉപയോഗിക്കത്തക്കവിധം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം, നാമമാത്ര തുകയെങ്കിലും ഈടാക്കി ശ്മശാന ഉപയോഗം ആധികാരികമാക്കുന്നതിനും ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.



പൊതുശ്മശാനത്തിന് സമീപം പണിതീർത്ത മെറ്റീരിയൽ കളക്ഷൻ സെന്റർ നിലവിൽ ഉപയോഗിക്കാത്തതിനാലും ആവശ്യമായ സംരക്ഷണം നല്കാത്തതിനാലും നശിക്കുന്ന അവസ്ഥയിലാണ്. സെന്ററിന് സമീപം മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നു. ആസ്തി സംരക്ഷണത്തിന് പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതു മാർക്കറ്റ്.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള പഴയ ബസ് സ്റ്റാന്റും അനുബന്ധ സ്ഥലങ്ങളും സംരക്ഷിക്കപ്പെടുന്നില്ല. ബസ് സ്റ്റാന്റിനോടനുബന്ധിച്ച് 3 ഷട്ടർ മുറികളുള്ള കെട്ടിടം പഞ്ചായത്തിന് ഉണ്ടെങ്കിലും ആയവ അന്യാധീനപ്പെട്ട



നിലയിലാണ്. ആഴ്ചയിൽ ഒരിക്കൽ നടക്കുന്ന പച്ചക്കറിലേലത്തിന് ഓഫീസായാണ് പ്രസ്തുത മുറികൾ ഉപയോഗിക്കുന്നത് എന്നറിയുന്നു. ലേലം നടക്കുന്ന ഓപ്പൺ ഷെഡിന് അനുബന്ധമായുള്ള മുറി ഇക്കോഷോപ്പ് ആയി ഉപയോഗിക്കുന്നുണ്ട്. ലേലം ഇല്ലാത്ത ദിവസങ്ങളിൽ പ്രസ്തുത ഷെഡ് വാഹന പാർക്കിംഗിന് ഉപയോഗിക്കുന്നു.മേൽ പറഞ്ഞവയിൽ എല്ലാം തന്നെ നാമമാത്ര തുകയെങ്കിലും ഫീസ്/വാടകയായി ഈടാക്കിയും എഗ്രിമെന്റ് തയ്യാറാക്കിയും ആധികാരികമാക്കേണ്ടതാണ്.

മാർക്കറ്റിന് സമീപമുള്ള പഞ്ചായത്ത് വക സ്ഥലം കെ എസ് ഇ ബി ഇലക്ട്രിക്കൽ ഉപകരണങ്ങളും മറ്റ് സാധനങ്ങളും സൂക്ഷിക്കുന്നതിനാണ് ഉപയോഗിക്കുന്നത്. പഞ്ചായത്ത് വസ്തുവിൽ കെ എസ് ഇ ബിയുടെ കൈയ്യേറ്റം ഒഴിപ്പിക്കുകയോ നിയമാനുസൃതം(വസ്തു ആർജിക്കലും കൈയ്യൊഴിയലും ചട്ടങ്ങൾ) കരാർ തയ്യാറാക്കി വാടക ഈടാക്കി പ്രവർത്തിക്കുന്നതിന് അനുമതി നല്കുകയോ ചെയ്യേണ്ടതാണ്.

<u>വേസ്റ്റ് ബിന്നുകൾ ഉപയോഗിക്കുന്നില്ല</u>



2018-19 പ്രോജക്ട് പ്രകാരം മാലിന്യ സംസ്കരണത്തിന് വാങ്ങിയ വേസ്റ്റ് ബിന്നുകൾ ത്രിവേണി അങ്കണവാടിക്ക സമീപം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ആയവ യഥാസ്ഥാനങ്ങളിൽ സ്ഥാപിച്ച് ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-20 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ കാര്യക്ഷമത</u>

ഗ്രാമപഞ്ചായത്തിലെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നതായാണ് ഇതുസംബന്ധിച്ച രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയിൽ വ്യക്തമാകുന്നത്.2020-21 വർഷത്തെ തനതുഫണ്ട് ചെലവുകളിൽ മുഖ്യഭാഗവും കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ്. കോവിഡ് കെയർ സെന്റർ,സി.എഫ്.എൽ.റ്റി.സി,സാമൂഹ്യ അടുക്കള, ആംബുലൻസ് സേവനം തുടങ്ങിയ സർക്കാർ നിർദ്ദേശപ്രകാരമുള്ള എല്ലാ കോവിഡ് പ്രതിരോധക്രമീകരണങ്ങളും പഞ്ചായത്തിൽ ഏർപ്പെടുത്തുകയുണ്ടായി.കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽനിന്ന് നേരിട്ട് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം 31-03-2021 വരെയുള്ള ചെലവ് 1658073/രൂപയാണ്. ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽനിന്ന് 541135/രൂപ തിരികെ ലഭിക്കുകയുണ്ടായി.ടി തുക കിഴിച്ചാൽ ബാക്കി തുക 11,16,938/രൂപ.

ഇവയ്ക്ക് പുറമേയാണ് പാറത്തോട് സാമൂഹികാരോഗ്യകേന്ദ്രത്തിന് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ദിവസവേതന വ്യവസ്ഥയിൽ ഫാർമസിസ്റ്റ്,ലാബ് ടെക്നിഷ്യൻ, പാർട് ടൈം സ്വീപ്പർ തുടങ്ങിയവരെ നിയമിച്ച് വേതനം നല്കിവരുന്നതും മരുന്നുകൾ,വ്യക്തിസുരക്ഷാകിറ്റുകൾ,ഗ്ലൗസുകൾ,വാഹനവാടക തുടങ്ങിയ ഇനങ്ങളിലുൾപ്പെടെ ചെലവുതുക മെഡിക്കൽ ഓഫീസറുടെ റിക്വിസിഷൻ പ്രകാരം ചെലവഴിച്ചിട്ടുള്ളതും.
സി.എഫ്.എൽ.റ്റി.സി മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തി കുറവുകൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

സംഭാവനയായി ലഭിച്ചതും ,വാങ്ങിയതുമുൾപ്പെടെ ഫ്രിഡ്ജ്, ടെലിവിഷൻ, ജനറേറ്റർ, ഓക്സിമീറ്ററുകൾ, സ്മാർട്ട്ഫോൺ ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ഇനങ്ങൾ സി.എഫ്.എൽ.റ്റി.സിയിൽ ഉപയോഗത്തിലുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നു. കമ്യൂണിറ്റി കിച്ചണിലേക്ക് സംഭാവനയായി ലഭിച്ച അരിയും പലവ്യഞ്ജനങ്ങളും ബാക്കിയിരിക്കുന്നവ കമ്യൂണിറ്റി കിച്ചൺ പ്രവർത്തനം നിർത്തിയസാഹചര്യത്തിൽ നശിച്ചുപോകാതെ വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
എന്നാൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി വ്യക്തികളും സന്നദ്ധസംഘടനകളും പഞ്ചായത്ത് ഭരണസമിതിക്ക് കൈമാറിയ പൾസ് ഓക്സിമീറ്ററുകൾ ,വ്യക്തിസുരക്ഷാകിറ്റുകൾ ,തെർമോസ്കാനറുകൾ തുടങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുക്കാതെ തന്നെ നേരിട്ട് കൈമാറിയതുമൂലം കൃത്യമായ കണക്കുകൾ ലഭ്യമല്ല എന്ന

സാഹചര്യവും നിലനില്ക്കുന്നുണ്ട്. എന്നിരിക്കിലും കോവിഡ് മഹാമാരി പ്രതിരോധത്തിൽ പഞ്ചായത്ത് നിസ്തുലമായ പ്രവർത്തനം നടത്തിയതായി ഓഡിറ്റിന് ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു.

## 1-21 ഓണം അഡ്വാൻസ് 3,000/- രൂപ 5 വർഷങ്ങൾക്ക് ശേഷവും ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2020-21 ധനകാര്യ പത്രിക 31/03/2021-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഓണം അഡ്വാൻസ് ഇനത്തിൽ 12,000/- രൂപ ക്രമീരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു(സാംഖ്യ കണക്ക് ശീർഷകം-460100101-Festival Advance). ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകകൾ ഒടുക്കാനുള്ള ഉദ്യോഗസ്ഥരുടെ വിശദാംശം പഞ്ചായത്തിന്റെ 2020-21 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | അഡ്വാൻസ് വർഷം | തിരിച്ചടക്കാനുള്ള തുക(31/03/2021-ൽ) | റിമാർക്ക്സ് |
|---|---|---|---|---|
| 1. | സുജിത്ത് പി. വി, ഡ്രൈവർ | 2016-17 | 3,000/- | 2021 ജൂലൈ വരെ അടവാക്കിയിട്ടില്ല |
| 2. | ഷുക്കൂർ മുഹമ്മദ്, അസിസ്റ്റന്റ് സെക്രട്ടറി | 2019-20 | 9,000/- | 19/04/2021-ലെ 121070500001 പ്രകാരം 2021-22 ൽ അടവാക്കി |
| ആകെ | | | 12,000/- രൂപ | |

ക്രമ നം.1 ജീവനക്കാരന് നൽകിയ ഓണം അഡ്വാൻസ് 5 വർഷമായിട്ടും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കി ക്രമീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.3/2020-21 തീയതി 26/07/2021) നൽകിയതിന് മറുപടി ലഭിച്ചില്ല. സുജിത്ത് പി. വി, ഡ്രൈവറുടെ അഡ്വാൻസ് തുക ക്രമീകരിച്ച് അടവാക്കിയ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 1-22 അനുപൂരക പോഷകാഹാരം-ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2020-21 ൽ നിർവ്വഹണം നടത്തിയ ആനുപൂരക പോഷകാഹാര വിതരണം എന്ന പ്രോജക്റ്റിന് (നം 106/20-21) 3303898/- രൂപ (വിക. ഫണ്ട് 1376230 + കേന്ദ്ര വിഹിതം 581844 + തനത് ഫണ്ട് 1220824 + ബ്ലോ വിഹിതം 125000) ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിനായി ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 2708089/-രൂപയുടെ ചെലവ് തുകക്ക് ഉപോത്ബലകമായ രേഖകളാണ് ഹാജരാക്കിയത്. ഇവയിൽ തന്നെ പലതിനും അനുബന്ധ വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര നം | ബിൽ പ്രകാരം പിൻവലിച്ച തുക | ഫണ്ടിനം | തടസ്സപ്പെടുത്തിയ തുക | കാരണം |
|---|---|---|---|---|
| 1 | 4187/- ബിൽ നം 2/20-21/25-5-20 | വികസനഫണ്ട് ജനറൽ | 4187 | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ ത്തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 2 | 363094/- കേന്ദ്രവിഹിതം | മറ്റ് ഫണ്ടുകൾ | | |
| 3 | 131418/- | വികസനഫണ്ട് | | |

| | | | | |
|---|---|---|---|---|
| | | ജനറല് | | |
| 4 | 643650/- | മറ്റ് ഫണ്ടുകൾ | | |
| 5 | 21135/- 5/20-21/26-8-20 | വികസനഫണ്ട് ജനറൽ | 21135 | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 6 | 112000/- 7/20-21/22-10-20 | വികസനഫണ്ട് ജനറൽ | 112000 | അമൃതം ഫുഡ്ഡം മിക്സ് ബിൽ ഹാജരാക്കിയില്ല |
| 7 | 17106/- | മറ്റ് ഫണ്ടുകൾ | 17106 | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 8 | 159960/- 15/20-21/18-2-21 | വികസനഫണ്ട് ജനറല് | 27660 | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 9 | 805783/- 16/20-21/18-2-21 | വികസനഫണ്ട് ജനറൽ | 805783 | ബിൽ തുക പൊരുത്തപ്പെടുന്നില്ല |
| 10 | 146880/- കേന്ദ്രവിഹിതം | മറ്റ് ഫണ്ടുകൾ | 5760 | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| | | | 141120 | അമൃതം ഫുഡ്ഡം മിക്സ് ബിൽ ഹാജരാക്കിയില്ല |
| 11 | 50227/- | മറ്റ് ഫണ്ടുകൾ | 50227 | അങ്കണവാടി ഹെൽപ്പർക്ക് നല്കിയ തുക സബ് വൗച്ചർ ഇല്ല |
| 12 | 4537 | മറ്റ് ഫണ്ടുകൾ | 4537 | സജീവ് പി സി ക്ക് കയറ്റിറക്ക് കൂലിയായി നല്കിയ |

| | | | | |
|---|---|---|---|---|
| | | | | തുകയിൽ ആകെ തുക്കം കണക്കാക്കിയതിന് രേഖയില്ല |
| 13 | 125000 | മറ്റ് ഫണ്ടുകൾ | 125000 | അമൃതം ഫുഡം മിക്സ് ബിൽ ഹാജരാക്കിയില്ല |
| 14 | 123112/- | വികസനഫണ്ട് ജനറൽ | | |
| | 595809 | | 595809 | ചെലവ് സംബന്ധിച്ച് യാതൊരു രേഖയുമില്ല |
| | 3303898 | | 1910324 | |

അനുപൂരക പോഷകാഹാരവുമായി ബന്ധപ്പെട്ട 1910324/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു. എന്നാൽ ആയവ ഹാജരാക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 1910324/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആയവ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 കണക്ക് സൂക്ഷിപ്പ് സുതാര്യമല്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ ഉൾപ്പെട്ട തനത് ഫണ്ട് വിഹിതം , റിടെൻഷൻ തിരികെ നല്കുന്നതിനുള്ള തുക എന്നിവ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസ്റ്റ് പ്രകാരം സെക്രട്ടറി വൗച്ചർ തയ്യാറാക്കി ചെക്ക് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കുകയും അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ച് കരാറുകാർക്ക് ചെക്ക് പ്രകാരം നല്കുകയുമാണ് ചെയ്തു വരുന്നത്. കാഷ്ബുക്ക് തയ്യാറാക്കി കണക്കുകൾ സൂക്ഷിക്കാത്തതു മൂലം ഈ തുകകളുടെ വരവ് ചെലവുകൾ നിരീക്ഷിക്കുന്നത് സങ്കീർണ്ണമാക്കുന്നു.അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസ്റ്റ് ലഭിക്കുന്ന മുറക്ക് വൗച്ചർ തയ്യാറാക്കി തുക ബന്ധപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് നല്കുകയും വിവരം അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുകയും ചെയ്യുന്നത് അപാകത പരിഹരിക്കുന്നതിന് സഹായകമാണ്. ഈ ആവശ്യത്തിനായുള്ള ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ 15-07-2021 ൽ 12237/- രൂപ നീക്കിയിരിപ്പുണ്ട് (ട്രഷറി അക്കൗണ്ട് നമ്പർ 799011400002435). നിക്കിയിരുപ്പ് തുക ബന്ധപ്പെട്ട ആവശ്യത്തിന് ചെലവഴിക്കുകയും സങ്കീർണ്ണമായ നടപടികൾ ഒഴിവാക്കേണ്ടതുമാണ്.അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി ഇനിമുതൽ നിർദ്ദേശാനുസരണമുള്ള രീതിയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതാണെന്ന് മറുപടി നല്കി.സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 റിടെൻഷൻ ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകത

മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബിൽ നല്കുമ്പോൾ 2.5 % തുക റിടെൻഷൻ ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കുന്നതിനും ഫൈനൽ ബില്ലിനൊപ്പം ഈ തുക കൂടി ഉൾപ്പെടുത്തി കരാറുകാരന് നല്കുകയും ചെയ്യുന്നതിന് പകരം 2020-21 ൽ മിക്ക പ്രവൃത്തികളുടെയും ഫൈനൽ ബിൽ നല്കുമ്പോൾ 5% തുക റിടെൻഷൻ ഇനത്തിൽ കുറവു ചെയ്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.31-03-2021 ൽ ഈ ഇനത്തിൽ 744002/- രൂപ സെക്രട്ടറിയുടെ ബാധ്യതകണക്കിൽ ഉണ്ട്. നിയമാനുസൃതമല്ലാത്ത നടപടിയിലൂടെ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഈ തുക ബന്ധപ്പെട്ടവർക്ക് തിരികെ നല്കേണ്ടതും, പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം കരാറുകാരിൽ നിന്നും ഈടാക്കലുകൾ ആവശ്യമെങ്കിൽ അവരുടെ സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും ഈടാക്കേണ്ടതുമാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഒഡിറ്റ് അന്വേഷണക്കുറിപ്പിന് നികുതി ഈടാക്കുന്നതിൽ ആശയക്കുഴപ്പം ഉണ്ടായിരുന്നതിനാലാണ് ഇത്തരത്തിൽ തുക കരുതലായി വച്ചിരുന്നത് എന്ന് മറുപടി നല്കി. അധികമായി കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക തിരികെ നല്കി പഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്.

## 1-25 വനിതാ തൊഴിൽ പരിശീലന കേന്ദ്രം-പ്രവർത്തനക്ഷമമായില്ല

വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ തൊഴിൽ പരിശീലന കേന്ദ്രം (പ്രോ നം 103/21) സ്ഥാപിക്കുന്നതിന് ചോറ്റി ത്രിവേണി അങ്കണവാടിക്ക് മുകളിലായി വികസനഫണ്ട് 499118/- രൂപ ചെലവഴിച്ച് കെട്ടിടം പണിതിട്ടുണ്ട്. കെട്ടിടം നിലവിൽ അപൂർണ്ണാവസ്ഥയിലാണ്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് ഏറ്റെടുക്കുന്ന തൊഴിൽ പരിശീലന കേന്ദ്രം പോലുള്ള പ്രോജക്ടുകൾ പാതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ തൊഴിൽ പരിശീലനപദ്ധതിയുടെ വിശദാംശങ്ങൾ (നടത്തുന്ന പരിശീലനം, ആവശ്യമായ മുതൽമുടക്ക്, ഗുണഭോക്താക്കൾ) പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. വനിതാ ഘടകപദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വനിതാക്ഷേമത്തിന് ഉപകരിക്കുന്നതായിരിക്കണം എന്നതിനാൽ പരിശീലനകേന്ദ്രം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ ടെണ്ടർഫാറവില പഞ്ചായത്തിൽ ലഭിക്കുന്നില്ല

പഞ്ചായത്തിൽ 2020-21 വർഷം ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. 2020-21 മുതൽ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ ടെണ്ടർ ഫീ വരവാകുമെന്ന് അറിയിച്ചിരുന്നെങ്കിലും പ്രസ്തുത അക്കൗണ്ടിൽ നിലവിൽ വരവില്ല. പഞ്ചായത്തിന് അവകാശപ്പെട്ട ടെണ്ടർ ഫീസ് കണക്കാക്കി തനത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അംഗീകാരം ലഭിക്കാതെ പ്രോജക്ട് നടപ്പാക്കി

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പുതിയതായി ഏറ്റെടുത്ത 2 പ്രോജക്ടുകളാണ് ഇടക്കുന്നം പി എച്ച് സി പുനരുദ്ധാരണം (പ്രോ നം 468/2020) , പഞ്ചായത്ത് ഓഫീസ് നവീകരണം (പ്രോ നം 468/2020) എന്നിവക്ക് തുക നല്കൽ . ഇവക്ക് 125000/-രൂപയും 300000/- രൂപയും യഥാക്രമം തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്നു. 2019-20 ൽ സാങ്കേതിക അനുമതി ലഭിച്ച് 9-3-2020കരാർ ചമച്ച പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രവൃത്തിയുടെ ഫയൽ പ്രകാരം 2020-21 ൽ സ്പിൽ ഓവർ പ്രോജക്ട് ആക്കി തുക വകയിരുത്തിയിരുന്നില്ല . എന്നാൽ 2020-21ൽ ഉപേക്ഷിച്ച പ്രോജക്ട് കരാറുകാരൻ നിർവ്വഹണം നടത്തിയെങ്കിലും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരുന്നില്ല, ഈ പ്രോജക്ടിന് തുക നല്കാനായാണ് മേൽ പ്രോജക്ടുകൾ തയ്യാറാക്കിയത് . പദ്ധതി രൂപീകരണം/ നിർവ്വഹണം /മോണിറ്ററിംഗ് എന്നിവ കാര്യക്ഷമമല്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ച് മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടതും ഭരണസമിതിയുടെ ശ്രദ്ധ വിഷയത്തിൽ ഉണ്ടാകേണ്ടതുമാണ്.

വനിതാ തൊഴിൽ പരിശീലന കേന്ദ്രം-പ്രവർത്തനക്ഷമമായില്ല.

## 1-28 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും -അർഹതാരേഖകൾ ഹാജരാക്കിയില്ല

2019-20 വർഷം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും യാത്രാബത്തയും എന്ന പ്രോജക്ട് പ്രകാരം (പ്രോ.നം 198/20-21) 1378900/-രൂപ (വിക. ഫണ്ട് 169750+ ബ്ലോ.വിഹിതം 126750+ജില്ല.പഞ് വിഹിതം 200000+തനത് ഫണ്ട് 882400), ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അർഹതാ വിവരങ്ങൾ (അപേക്ഷ, സ്കൂൾ സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് ) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയവ പരിശോധനക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു. എന്നാൽ ആയവ ഹാജരാക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.രേഖകളുടെ അഭാവത്തിൽ 1378900/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ആയവ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 ക്ലീൻ കോട്ടയം ഗ്രീൻ കോട്ടയം -ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം- അപാകതകൾ

പ്രോജക്ട് നം. 107/2021 അടങ്കൽ/ചെലവ് : 1283640/345000

ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത വീടുകൾക്ക് 760 പൈപ്പ് കമ്പോസ്റ്റ്, 304 കിച്ചൻ ബിൻ, 190 റിംഗ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്യുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. ടി മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണത്തിനായി സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ എന്ന അക്രെഡിറ്റഡ് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. 7.10.2020 ലെ ഇൻവോയ്സ് പ്രകാരം 250 കിച്ചൻ ബിന്നുകൾ വിതരണം ചെയ്തതിന് സ്ഥാപനത്തിന് കേന്ദ്ര ഫണ്ടിൽ (പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ്) നിന്നും ₹ 1,02,500/-( 250x410) നൽകിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമിനത്തിൽ ഈടാക്കിയ ₹ 10250/-(250x41) ചെലവഴിച്ചിട്ടില്ല. 27.2.2021 ലെ ഇൻവോയ്സ് പ്രകാരം 77 റിംഗ് കമ്പോസ്റ്റുകൾ (@2500/-)വിതരണം ചെയ്തതിന് സ്ഥാപനത്തിന് കേന്ദ്ര ഫണ്ടിൽ നിന്നും ₹ 1,73,250/-യും ഗുണഭോക്തൃ വിഹിതം ₹ 19250( 77x250) യും ഉൾപ്പെടെ ആകെ ₹1,92,500/-( 77x2500) നൽകിയിട്ടുണ്ട്. 2.2021 ലെ മറ്റൊരു ഇൻവോയ്സ് പ്രകാരം 54 കിച്ചൻ ബിന്നുകൾ വിതരണം ചെയ്തിട്ടുള്ളതായി കാണുന്നു. ഗുണഭോക്തൃ വിഹിതം ₹2214/-(54x41) കിഴിച്ച് ₹ 19926/-യാണ് സ്ഥാപനത്തിന് നൽകേണ്ടിയിരുന്നത്. എന്നാൽ ₹ 50,000/- നൽകിയിട്ടുള്ളതായി കാണുന്നു. ഗുണഭോക്തൃ വിഹിതം നൽകിയിട്ടില്ല. കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് 2020 മാർച്ച് 31 ന് മുൻപ് ചെലവഴിച്ചില്ലെങ്കിൽ ലാപ്സായി പോകും എന്ന ശുചിത്വമിഷൻ നിർദ്ദേശം ഉള്ളതിനാലാണ് ഗുണഭോക്തൃവിഹിതം ചെലവഴിയ്ക്കാതെ ടി ഗ്രാന്റിൽ നിന്നും അഡ്വാൻസായി ₹50,000/-യും ₹ 1,02,500/-യും നൽകിയിട്ടുള്ളത് എന്നും പ്രോജക്ട് സ്പിൽ ഓവറായി 2021-22 വർഷവും തുടരുന്നതിനാൽ തൻവർഷത്തെ ബില്ലുകളിന്മേൽ തുക നൽകുമ്പോൾ ഗുണഭോക്തൃവിഹിതം ചെലവഴിയ്ക്കുന്നതാണ് എന്നും കളക്ഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിയ്ക്കുന്നതാണ് എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 14 തീയതി 29.7.2021) മറുപടി ലഭിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

## 1-30 പി.എച്ച്.സിയ്ക്ക് ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ- ഫർണിച്ചർ/ ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

പ്രോജക്ട് നം.307/20-21 അടങ്കൽ/ ചെലവ് :863417/862913

ബിൽ നം.5/20-21: ₹ 135424/13.5.2020

ബിൽ നം.6/20-21: ₹ 110023/13.5.2020

ബിൽ നം.11/20-21:₹ 577466/12.8.2020

ബിൽ നം.13/20-21:₹ 40000/24.9.2020

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സിയ്ക്ക് ഫർണിച്ചർ മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്ട് പ്രകാരം KMSCL,KELTRON,ARTCO, Skyline Curtains തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ/സാധനങ്ങൾ വാങ്ങുന്നതിനായി മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. അതിൽ Skyline Curtains സാധനങ്ങൾ വിതരണം ചെയ്തതിന്റെ മാത്രം ഇൻവോയ്സാണ് ഫയലിലുള്ളത്. മറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രൊഫോർമ ഇൻവോയ്സുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇവയുടെ ടാക്സ് ഇൻവോയ്സ് ഫയലുകളിൽ ലഭ്യമല്ല . എത്ര തുകയുടെ ഉപകരണങ്ങൾ/സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നോ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്നോ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നാണ് എക്സിറ്റ് മീറ്റിംഗിൽ മെഡിക്കൽ ഓഫീസർ അറിയിച്ചത്. ലഭ്യമായ എല്ലാ സാധനങ്ങളുടെയും /ഉപകരണങ്ങളുടെയും സ്റ്റോക്ക് എടുത്തിട്ടുണ്ട് എന്നും അറിയിയ്ക്കുകയുണ്ടായി. വിതരണം ചെയ്ത സാധനങ്ങളുടെയും അവ സ്റ്റോക്കിലെടുത്തതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അതുവരെ 8,62,913 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നം.148/20-21 ചെലവ് : ₹3,00,000/-ബിൽ നം.1/20.3.2021

ഫണ്ട്: മെയിന്റനൻസ് ഫണ്ട് (റോഡിതരം)

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പാറത്തോട്ഹോമിയോ ഡിസ്പെൻസറി

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങുന്നതിനായി 3 ലക്ഷം രൂപ 20.3.2021 ൽ HOMCO യുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. മരുന്നുകളൊന്നും ഇതേവരെ ലഭിച്ച് തുടങ്ങിയിട്ടില്ല. HOMCOയുമായി ബന്ധപ്പെട്ട് മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 3 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 ലൈഫ് ഭവനപദ്ധതി -ഒരവലോകനം

സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 2018-19 വർഷം ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെർപ്പെട്ട് ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളിലായിരുന്ന ഗുണഭോക്താക്കൾക്ക് തൻവർഷവും ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, 2019-20 കരാറിലേർപ്പെർപ്പെട്ട ഒരു ഗുണഭോക്താവിനും ധനസഹായം നൽകിയിട്ടുണ്ട്. 2018-19 വർഷം ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെർപ്പെട്ട 43 ഗുണഭോക്താക്കളിൽ 42 പേരും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഫേസ് -2

| കരാറിൽ ഏർപ്പെട്ടവർ | | നിർമ്മാണം ആരംഭിയ്ക്കാത്തവർ | പൂർത്തീകരിച്ചവർ | ഭാഗിക നിർമ്മാണം-നിലവിലെ അവസ്ഥ |
|---|---|---|---|---|
| വിഭാഗം | എണ്ണം | | | |
| ജനറൽ | 111 | *1 | 106 | തറപണി-1<br>ലിന്റൽലെവൽ-2<br>മേൽക്കൂര-1 |
| പട്ടികജാതി | 13 | 0 | 12 | മേൽക്കൂര വരെ-1 |
| പട്ടികവർഗ്ഗം | 3 | 0 | 3 | -- |

*ഫിലോമിന, പനച്ചിക്കൽ എന്ന ഗുണഭോക്താവിന് 40,000/-അഡ്വാൻസ് 2018-19 ൽ നൽകിയിരുന്നുവെങ്കിലും നിലവിലുള്ള സ്ഥലത്ത് വീട് വയ്ക്കുന്നതിന് താല്പര്യമില്ലാത്തതിനാൽ ടിയാൾ നിർമ്മാണം ആരംഭിച്ചിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്.അഡ്വാൻസ് തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ലൈഫ് ഫേസ് -3

| കരാറിൽ ഏർപ്പെട്ടവർ | | നിർമ്മാണം ആരംഭിയ്ക്കാത്തവർ | പൂർത്തീകരിച്ചവർ | ഭാഗിക നിർമ്മാണം-നിലവിലെ അവസ്ഥ |
|---|---|---|---|---|
| വിഭാഗം | എണ്ണം | | | |
| ജനറൽ | 40 | 4 | 14 | തറപണി-8<br>ലിന്റൽലെവൽ-6<br>-1 |
| പട്ടികജാതി | 5 | 0 | 12 | മേൽക്കൂര വരെ-1 |
| പട്ടികവർഗ്ഗം | 1 | 0 | 3 | -- |

ലൈഫ് 2020 അഡീഷണൽ ലിസ്റ്റ്

| കരാറിൽ ഏർപ്പെട്ടവർ | | നിർമ്മാണം ആരംഭിയ്ക്കാത്തവർ | പൂർത്തീകരിച്ചവർ | ഭാഗിക നിർമ്മാണം-നിലവിലെ അവസ്ഥ |
|---|---|---|---|---|
| വിഭാഗം | എണ്ണം | | | |
| പട്ടികജാതി | 6 | 1 | 1 | ലിന്റൽ വരെ-1 |

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 17/09/2020<br>23/09/2020 | 1,200,000/- | ലൈഫ് ഭവന പദ്ധതി-ജനറൽ(228/21) | 1,200,000/- | 0 |
| | 19/01/2021<br>25/02/2021<br>05/03/2021 | 500,000/- | ലൈഫ് ഭവന പദ്ധതി-SCP (82/21) | 500,000/- | 0 |
| | 25/03/2021 | 62,600/- | ലൈഫ് ഭവന പദ്ധതി-TSP (86/21) | 62,600/- | 0 |
| | 19/01/2021 | 125,000/- | അങ്കനവാടി അനുപൂരക പോഷകാഹാരം (106/21) | 125,000/- | 0 |
| | 20/01/2021 | 126,750/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(198/21) | 126,750/- | 0 |
| | | | ആകെ | 2,014,350/- | 0 |
| | 2020-21 | 189,279/- | പാലമ്പ്ര സ്കൂൾ ജംഗ്ഷൻ കോലിയിൽപ്പടി റോഡ് റീ കോൺക്രീറ്റിങ്ങ് വാർഡ്-13(286/21) | 189,279/- | - |
| | 2020-21 | 196,840/- | അഞ്ചിലവ് ആനത്താനം | 196,840/- | - |

| | | | | | |
|---|---|---|---|---|---|
| | | | പൂഴിത്തുറ കോളനി റോഡ് ടാറിങ്ങ് വാർഡ്-18 (309/21) | | |
| | | | ആകെ | 386,119/- | 0 |
| | ഒട്ടാകെ | 2,400,469/- | - | 2,400,469/- | 0 |
| ജില്ല പഞ്ചായത്ത് കോട്ടയം | 2020-21 | 605,000/- | ലൈഫ് ഭവന പദ്ധതി-SCP (82/21) | 605,000/- | 0 |
| | 2020-21 | 2,700,000/- | ലൈഫ് ഭവന പദ്ധതി-ജനറൽ(228/21) | 2,700,000/- | 0 |
| | 10/11/2020 | 200,000/- | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(198/21) | 200,000/- | 0 |
| | ആകെ | 3,505,000/- | - | 3,505,000/- | 0 |

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച 2,400,469/- രൂപയിൽ 228/21, 82/21, 86/21, 106/21, 198/21 പ്രോജക്ടുകൾക്കായി ചെലവഴിച്ച 2,014,350/- രൂപ 160300102 റവന്യൂ ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തത്. 286/21, 309/21 പ്രോജക്ടുകളുടെ ചെലവ് 386,119/- രൂപ 320700204 ശീർഷകത്തിലെ ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചത്. എന്നാൽ 3 ലക്ഷം രൂപ മാത്രമാണ് തൻവർഷം പ്രസ്തുത ശീർഷകത്തിലെ ഗ്രാന്റ് വരവ്. മുന്നിരിപ്പ് 258,714/- രൂപയുൾപ്പടെ ആകെ 558,714/- രൂപയിൽ നിന്നാണ് 386,119/- രൂപ ചെലവഴിച്ചത്. ഗ്രാന്റ് ശീർഷകത്തിൽ അവശേഷിക്കുന്ന 172,592/- രൂപ മേൽപ്രോജക്ടുകൾക്ക് മുൻവർഷം ലഭിച്ചതാണോ എന്ന് എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ വ്യക്തമല്ല. ലഭ്യമായ മുഴുവൻ ഫണ്ടും പ്രോജക്ടിന് ചെലവഴിച്ചോ എന്നത് സ്ഥിരീകരിച്ചിട്ടില്ല.

ജില്ല പഞ്ചായത്തിൽ നിന്ന് ലഭിച്ച 35.05 ലക്ഷം രൂപ ഗ്രാന്റ് തുക 160300101 റവന്യൂ ശീർഷകത്തിലാണ് വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ജല അതോറിറ്റി | GST ഇനത്തിൽ 2019-20 പ്രോജക്ട് പൈപ്പ് ലൈൻ സ്ഥാപിക്കൽ വാർഡ്-9 നായി തനത് ഫണ്ടിൽ നിന്ന് ഒടുക്കിയത് | 6,000/- | - | 6,000/- |
| കെ.എസ്.ഇ.ബി. | പോസ്റ്റ് | 59,787/- | -- | 59,787/- |

| | | | | |
|---|---|---|---|---|
| | ഷിഫ്റ്റിംഗ്(335/21) | | | |

ജല അതോറിറ്റിയിൽ നിക്ഷേപിച്ച 6,000/- രൂപയുടെ ചെലവ് മാത്രമാണ് ധനകാര്യ പത്രികയിൽ നിക്ഷേപമായി പ്രതിഫലിക്കുന്നത്(ശീർഷകം-460500201). പ്രോജക്ട് നം.335/21 പ്രകാരം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 59,787/- രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500202 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

2020-21 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ(KURDFC) | 25,062,638/- | 9,120,000/- | 2,214,666/- | - | 31,967,972/- |

സെക്രട്ടറിയുടെ 471/21, 472/21, 473/21 നം. പ്രോജക്ടുകൾ പ്രകാരം 1,994,666/- വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. 220,000/- രൂപയുടെ ചെലവഴിക്കാത്ത വായ്പ തുക തിരികെ അടവാക്കിയിട്ടുണ്ട്(റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം). പഞ്ചായത്തിൽ ഹഡ്കോ വായ്പയുടെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് ലോൺ ജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺ രജിസ്റ്റർ തയ്യാറാക്കി ഇടപാടുകൾ രേഖപ്പെടുത്തി ഓരോ വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

2020-21 വാർഷിക ധനകാര്യ പത്രിക 31/03/2021-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2020-21 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തുകകൾ ഒന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14,15,16,17 | 2002-03 | 5-9 (1) | പൊതുമരാമത്ത് പണി-ചെലവായ തുകയേക്കാൾ കൂടുതൽ പിൻവലിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| | | | | പണാപഹരണം നടത്തി | |
| | | 2002-03 | അദ്ധ്യായം 8 | ധനാപഹരണ ലക്ഷ്യത്തോടെ രസീതിന്റെ പകർപ്പ് കീറി മാറ്റി. 15.07.02 ലെ എൽ.എഫ് 10763/ പി.ടി. 1/02 | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-2-A | 2016-17 | 1, അനുബന്ധം3 | വസ്തു നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2014-15 | 2-3 A,B | 2016-17 | 2, അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2015-16 | 2-5,2-6,2-7 | 2016-17 | 2, അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 131,668,346/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 113,606,668/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5,519,613/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 1,067,476/- | ഷിജുകുമാർ സി., സെക്രട്ടറി |
| 1-22 | 1,910,324/- | ശ്രീമതി ബിന്ദു. എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28 | 1,378,900/- | ശ്രീമതി ബിന്ദു. എം. ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-30 | 862,913/- | ഡോ. ശ്വേത ശിവാനന്ദൻ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) |
| 1-31 | 300,000/- | ഡോ. അരുൺ രാജ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |

| | |
|---|---|
| ആകെ | 5,519,613/- |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-15 ൽ SGST-5,117/-, CGST-5,117/-, Flood Cess-569/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/07/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(1)/2018/02.02.2018 | 23 |
| 1994-95, 1995-96 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(2)/2018/02.02.2018 | 10 |
| 1996-97 | എൽ.എഫ്.കെ.പി4-868/98 /09.03.1999/22.04.1999 | - |
| 1997-98 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(4)/2018/02.02.2018 | 2 |
| 98-99 ചെലവ് | എൽ.എഫ്.കെ.പി8-558/02/ 02.11.2002/02.05.2003 | - |
| 1999-00, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.കെ.പി8-880/03/ 09.07.2004/04.09.2004 | - |
| 2002-03 ചെലവ് | കെ.എസ്.എ-കെ.ടി.എം.പി13/1504(2)/15/ 31.03.2016 | 4 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി13/1504(3)/15/ 22.03.2016 | 5 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(7)/2018/02.02.2018 | 3 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി13/ 1504(5)/15/22.03.2016 | 3 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11(അദാ-2018)/204(8)/18/ 02.02.2018 | 22 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി/13/695/11/ 17.09.2012/02.10.2012 | - |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി/13/871/14/ 08.01.2014 | 9 |
| 2009-10 | എൽ.എഫ്.കെ.പി13/448/14/ 11.09.2014 | 9 |
| 2010-11,11-12 | എൽ.എഫ്.കെ.പി11(അദാ-2018)/204(9)/18/ 02.02.2018 | 16 |

| | | |
|---|---|---|
| 2012-13 | എൽ.എഫ്.കെ.പി13/1243/14/ 11.11.2014 | 15 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13-1752/15/ 15.03.2016 | 13 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/960/16/ 02.05.2017 | 14 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി13/1739/16/ 16.08.2017 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/990/17/ 28.11.2017 | 25 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1820/19/ 27.09.2019/01.10.2019 | 30 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/236/2020/ 23.03.2020/24.04.2020 | 40 |

തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളിൻമേൽ ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി വിശദാംശങ്ങളും അനുബന്ധരേഖകളും ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാറത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്